ചോദ്യോത്തരം

മുജീബ്

# വനിതാ സമ്മേളനത്തിന്റെ ലക്ഷ്യം

■ *ഖുർആനിലോ പ്രവാചകനിലോ ഇസ്‌ലാമിക ചരിത്രത്തിലോ മാതൃകയോ പിൻബലമോ ഇല്ലാത്ത ഒരു വനിതാ സമ്മേളനം ജമാഅത്തെ ഇസ്‌ലാമി ഇപ്പോൾ നടത്തുന്നതിന്റെ സാക്ഷാൽ ഉദ്ദേശ്യം, ഭാവിയിൽ രൂപീകരിക്കാൻ പോകുന്ന രാഷ്ട്രീയ പാർട്ടിക്ക് ശക്തി പകരാനും ഇതര രാഷ്ട്രീയ പാർട്ടികളെ പോലെ ജമാഅത്തെ ഇസ്‌ലാമിക്ക് വോട്ടുണ്ട് എന്ന പ്രതീതി ജനിപ്പിച്ച് കേരളത്തിലെ പ്രബല രാഷ്ട്രീയ പാർട്ടികളായ കോൺഗ്രസ്, മാർക്സിസ്റ്റ് മുന്നണിയിലേതെങ്കിലും ഒന്നിൽ കടന്നുകയറാനും, സ്ത്രീകൾക്കായി സംവരണം ചെയ്ത ഏതെങ്കിലും ഒരു സീറ്റിൽ ജമാഅത്ത് വനിതാ പ്രതിനിധിക്ക് കിട്ടിയാലോ എന്നുമുള്ള ചിന്തകളിൽനിന്നും ഉണ്ടായതല്ലേ?*

***കെ.ടി ഹനീഫ നടുവട്ടം***

**പു**രുഷന്മാരുടെ മാത്രമായ സമ്മേളനത്തിന് ഖുർആനിലോ ഹദീസിലോ ഇസ്‌ലാമിക ചരിത്രത്തിലോ പിൻബലം ഉണ്ടോ? ജുമുഅയും ഹജ്ജും ഈദ്ഗാഹുമാണ് സമ്മേളനത്തിന് മാതൃകയെങ്കിൽ അവയിലൊക്കെ പുരുഷന്മാരും സ്ത്രീകളും പങ്കെടുത്തിട്ടുണ്ട്, പങ്കെടുക്കുന്നുമുണ്ട്. പ്രബോധന-സംസ്കരണങ്ങൾക്ക് വിഹിതവും എന്നാൽ കാലോചിതവുമായ രീതികൾ തെരഞ്ഞെടുക്കാൻ ഇസ്‌ലാം അനുവാദം നൽകിയിട്ടുണ്ട്. എന്നല്ല, പുരോഗമനപരമായ മാർഗങ്ങളാണ് ഇസ്‌ലാമിന്റെ പ്രചാരണത്തിനും ബോധവത്കരണത്തിനും അവലംബിക്കേണ്ടത്. ആധുനിക സംസ്കാരം സ്ത്രീകളെ എല്ലാ രംഗത്തും മുമ്പിൽ നിർത്താൻ സർവ ശ്രമങ്ങളും നടത്തുമ്പോൾ അവരെ എല്ലാ രംഗത്തും പിന്നണിയിൽ നിർത്തുകയാണ് പ്രതിരോധത്തിന്റെ വഴിയെന്ന് തീരുമാനിച്ചാലേ സമുദായം ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന സമീപനം സംഗതമാവൂ. അനിസ്‌ലാമിക സംസ്കാരവുമായുള്ള പോരാട്ടത്തിൽ പരാജയപ്പെടുക എന്നാണതിന്റെ അർഥം എന്നു മാത്രം. അതിനാൽ ഇസ്‌ലാമിക മര്യാദകളും പരിധികളും മാനിച്ചുകൊണ്ട് കാലോചിതമായ പ്രചാരണതന്ത്രങ്ങൾ ജമാഅത്തെ ഇസ്‌ലാമി സ്വീകരിക്കുന്നു. വനിതാ സമ്മേളനവും അതിന്റെ മാർഗമാണ്. ഇസ്‌ലാം പിന്തിരിപ്പൻ യാഥാസ്ഥിതിക മതമാണെന്നും അത് സ്ത്രീകളെ പുരുഷന്മാരുടെ അടിമകളും ഉപഭോഗ വസ്തുക്കളുമാക്കിവെച്ച് ചൂഷണം ചെയ്യുകയാണെന്നും പ്രചണ്ഡമായ പ്രചാരണങ്ങൾ നടക്കുമ്പോൾ, തികഞ്ഞ ധാർമികമായ അടിത്തറകളിൽ സാമൂഹിക ഇടപെടലുകൾ നടത്തുകയാണ് ഇസ്‌ലാമിന്റെ സ്ത്രീനയമെന്ന് വ്യക്തമാക്കുന്നതാണ് ജമാഅത്തിന്റെ സംസ്ഥാന വനിതാ സമ്മേളനം.

പുരുഷന്മാരുടെ സമ്മേളനം നടത്തുന്നതിന്റെ ലക്ഷ്യം ഏതെങ്കിലും മുന്നണി

യിൽ കയറിക്കൂടുകയല്ലെങ്കിൽ, വനിതാ സമ്മേളനത്തിന്റെ ലക്ഷ്യവും അതല്ല. ജമാഅത്തെ ഇസ്‌ലാമിയെ ഇരു മുന്നണികളും സമീപിച്ചത് അതിന്റെ ശക്തിപ്രകടനം നോക്കിയല്ലെങ്കിൽ ഇനിയുള്ള കാലത്തും ശക്തിപ്രകടനം നടത്താതെതന്നെ വോട്ട് വേണ്ടവർ അത് ചോദിച്ചുകൊള്ളും. ജമാഅത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് മത്സരിക്കുമെന്ന് നേരത്തേ തീരുമാനിച്ചിട്ടുണ്ട്. അപ്പോൾ സ്വാഭാവികമായും വനിതാ സംവരണ സീറ്റുകളിലും മത്സരിക്കും. അതെങ്ങനെ വേണമെന്ന് ഇപ്പോൾ നിശ്ചയിച്ചിട്ടില്ല. സ്വാഭാവികമായും സംഘടനക്ക് ശക്തിയുള്ളടത്തൊക്കെ ജമാഅത്ത് മത്സരിക്കും; അതിൽ സ്ത്രീകളുമുണ്ടാവും. അതിന് വനിതാ സമ്മേളനം ശക്തിപകരുമെങ്കിൽ തീർച്ചയായും സ്വാഗതാർഹമായിരിക്കും അത്.  ഒരു ലക്ഷ്യവും ഇല്ലാതെ സമ്മേളനം നടത്തിയിട്ട് എന്തു പ്രയോജനം? പക്ഷേ, പ്രബോധനവും സംസ്കരണവും തർബിയത്തും എന്ന സമഗ്രമായ ലക്ഷ്യത്തിന്റെ ഒരു ഭാഗം മാത്രമായിരിക്കും പഞ്ചായത്ത്-നഗരസഭ തെരഞ്ഞെടുപ്പിലെ പങ്കാളിത്തവും.

## തിരിച്ചറിയാനാവാത്ത മുസ്‌ലിം തീവ്രവാദം

■ *“വർഗീയത എന്ന പ്രശ്നത്തെ നേരിട്ട് സ്പർശിക്കാതെ മുസ്‌ലിംസമൂഹം ഇനിയും മുന്നോട്ടുപോയിട്ട് കാര്യമില്ല. കേരളത്തിലെ മുസ്‌ലിംകളിൽ ഒരു വിഭാഗം തീവ്രവാദ പ്രവർത്തനങ്ങളിൽ ആകൃഷ്ടരാണെന്നും തീവ്രവാദികളാണെന്നുമുള്ള യാഥാർഥ്യം ഇനിയെങ്കിലും ഉറക്കെപ്പറയാൻ സമുദായ നേതൃത്വം തയാറാകണം. ആദ്യം അകത്തെ മാലിന്യം നീക്കാം. അല്ലാതെ ആർ.എസ്.എസ്, സംഘ്പരിവാർ എന്നൊക്കെപ്പറഞ്ഞ് വെറുതെ ഒച്ചവെച്ചതുകൊണ്ട് കാര്യമില്ല. കേരളത്തിലെ ഭൂരിപക്ഷ മതവിഭാഗം സമാധാനവും സൗഹാർദവും പുലർന്നുകാണാൻ ഏതറ്റംവരെയും പോകുന്നവരാണ് എന്നതിന് നിരവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടാൻ കഴിയും; നമ്മുടെ ഇടതു-വലതു മുന്നണികളുടെ ന്യൂനപക്ഷ പ്രേമത്തിന്റെ വ്യാപ്തിയും. എന്നിട്ടു പോലും ബി.ജെ.പി കേരളത്തിൽ പച്ചതൊടാതെ പോയതും ചേർത്തുവായിച്ചാൽ ഇത് മനസ്സിലാകും. ഗൾഫും യൂറോപ്പും കൂട്ടിനില്ലാത്ത കേരളത്തിലെ ഹിന്ദുസമൂഹം പുലർത്തുന്ന ഈ മര്യാദ നാം കണ്ടില്ലെന്ന് നടിക്കരുത്..........*
*ഇപ്പോൾ ഇരവാദികൾ പുതിയ മേച്ചിൽ പുറങ്ങൾ തേടുകയാണ്. കണ്ണ് തുറന്നുപിടിച്ചെങ്കിൽ മാത്രമേ ഇക്കൂട്ടരെ തിരിച്ചറിയാനാകൂ എന്നതാണ് വലിയ ദുരന്തം. ചെങ്ങറയിലും മൂലമ്പിള്ളിയിലും അതിരപ്പിള്ളിയിലുമെല്ലാം ചെറു വേഷങ്ങളുമായി ഇവർ എത്തിയിരുന്നു. കൂട്ടിനെന്നും ഒരു കൂട്ടം സാംസ്കാരിക നായകരെയും ബുദ്ധിജീവികളെയും കാണാം.” മതേതര ഭൂമികയിൽ പുതുതായി ‘അവതാരം’ കൊണ്ട ഒരു മഹാനുഭവന്റേതാണ് ഈ വരികൾ (മാതൃഭൂമി ദിനപത്രം എഡിറ്റോറിയൽ പേജ്, 2009 ഡിസംബർ 14). പ്രതികരണം?*

***പാക്കത്ത് മുഹമ്മദ് അലനല്ലൂർ***

**വ**ലിയ ദേശീയവാദികളായി ചമയുന്ന ഇക്കൂട്ടർ ഒന്നാമതായി മറുപടി പറയേണ്ട ഒരു ചോദ്യമുണ്ട്. കേരളം ഇന്ത്യാ മഹാരാജ്യത്തിന്റെ ഭാഗമാണോ അല്ലേ എന്നതാണ് അത്. ആണ് എന്നാണ് മറുപടിയെങ്കിൽ ഇന്ത്യയെയും കേരളത്തെയും ഒന്നായി കാണാൻ അവർ തയാറാകണം. അങ്ങനെ വരുമ്പോൾ ഇന്ത്യയെ പൊതുവായി ബാധിക്കുന്ന പ്രശ്നങ്ങൾ കേരളത്തെയും ബാധിക്കും എന്നുമവർ സമ്മതിക്കണം. ഗുജറാത്തിലെ കൂട്ടക്കൊല ഗുജറാത്തിലാണ്, അത് കേരളത്തിന് ബാധകമല്ല; ബാബരി മസ്ജിദ് യു.പിയിലാണ്, കേരളത്തിലല്ല; മാലേഗാവ് മഹാരാഷ്ട്രയിലാണ്, കേരളവുമായി അതിന് ഒരു ബന്ധവുമില്ല; ബട്‌ല ഹൗസ് ദൽഹിയിലാണ്, കേരളത്തിന്

അതിൽ ഒരു കാര്യവുമില്ല എന്ന് തുടങ്ങിയ കാര്യങ്ങളാണോ ഇവർക്ക് പറയാനുള്ളത്? എങ്കിൽ അത് തുറന്ന് പറയണം. മറിച്ച് ഇന്ത്യയുടെ ഏതു ഭാഗത്ത് നടക്കുന്ന സംഭവമായാലും അത് രാജ്യത്തെ മൊത്തം ബാധിക്കും എന്നാണെങ്കിൽ കേരളവും അതിൽനിന്നൊഴിവാകുന്ന പ്രശ്നമില്ല. മുംബൈ, ദൽഹി, ചെന്നൈ പോലുള്ള നഗരങ്ങളിൽ മുസ്‌ലിം നാമധാരികൾക്ക് ഭൂമിയോ വീടോ ഫ്ളാറ്റോ വാടകക്ക് പോലും കിട്ടാത്ത സ്ഥിതി വന്നിട്ടുണ്ടെങ്കിൽ കേരളീയ മുസ്‌ലിംകൾ മാത്രം അതിൽനിന്നൊഴിവാകുന്നില്ല; അനുഭവത്തിലും അതങ്ങനെതന്നെയാണ് താനും. ഇത് മുമ്പിൽ വെച്ചാണ് മുസ്‌ലിംകൾ ഇരകളാണോ എന്ന ചോദ്യം പ്രസക്തമാവുന്നത്. അല്ല എന്ന് പറയുന്നവർ മേൽപറഞ്ഞ വസ്തുതകൾ ബോധപൂർവം കണ്ടില്ലെന്ന് നടിക്കുകയാണ്.

രണ്ടാമതായി, കേരളത്തിൽ ബി.ജെ.പി പാർലമെന്റിലും നിയമസഭയിലും പ്രതിനിധീകരിക്കപ്പെടുന്നില്ലായിരിക്കാം. പക്ഷേ, ഈ സംസ്ഥാനത്ത് 12 ശതമാനം വരെ വോട്ടുകൾ അവർ വാങ്ങിയിട്ടുണ്ട്. മാധ്യമങ്ങളിൽ അവർ നിറഞ്ഞുനിൽക്കുന്നു. ഇന്ത്യയിൽ ഏറ്റവുമധികം ആർ.എസ്.എസ് ശാഖകളുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. അതിനാൽ മുസ്‌ലിംവിരുദ്ധ വികാരം ഓരോ പ്രശ്നത്തിലും കാണിക്കാൻ അവർക്ക് കഴിയുന്നു. ലൗ ജിഹാദ് പ്രശ്നത്തിൽ അത് പച്ചക്ക് കണ്ടു. ഹിന്ദു പെൺകുട്ടികളെ പ്രേമിച്ച് വിവാഹം ചെയ്യുന്ന മുസ്‌ലിം യുവാക്കളുണ്ടെങ്കിൽ അവർ ഏതായാലും 'മുസ്‌ലിം മതമൗലികവാദികൾ' ആയിരിക്കാൻ തരമില്ല. മതത്തിന്റെ ഒരു ബന്ധനവും ഇല്ലാത്ത ശുദ്ധ പുരോഗമനവാദികളായിരിക്കാനേ വഴിയുള്ളൂ. അങ്ങനെയുള്ളവരെ കൂടി ശരവ്യരാക്കിക്കൊണ്ട് ലൗ ജിഹാദ് പ്രശ്നം ആളിക്കത്തിക്കാൻ ആർ.എസ്.എസ്സിന് കഴിയുന്നുവെങ്കിൽ കേരളം 'ഹിന്ദു സമൂഹം പുലർത്തുന്ന മര്യാദ'ക്ക് ഉദാഹരണമാവുമോ?

അപ്പോൾ ഇന്ത്യയുടെ മറ്റു ഭാഗങ്ങളിൽ നിന്ന് വ്യത്യസ്തമായി കേരളത്തിൽ ചരിത്രപരവും സാമൂഹികവുമായ കാരണങ്ങളാൽ സാമുദായിക സൗഹാർദം ഇപ്പോഴും പുലരുന്നുണ്ടെങ്കിലും ഈയവസ്ഥ മാറിവരികയാണ്. അതിന്റെ യഥാർഥ കാരണങ്ങൾ അന്വേഷിച്ച് ചികിത്സിക്കുകയാണ് വേണ്ടത്. ആ കാരണങ്ങളിൽ എന്തുകൊണ്ടും പ്രധാനമാണ് സ്വന്തം സമുദായത്തിൽ ആദർശപരമായ അഭിപ്രായ വ്യത്യാസമുള്ളവരുടെ പേരിൽ തീവ്രവാദ ഭീകരവാദ മുദ്രകുത്തി സ്വയം മതേതരത്വത്തിന്റെ അപ്പോസ്തലന്മാരായി ചമയാനുള്ള ചിലരുടെ വ്യഗ്രത. ഇവർക്ക് മതനിരാസവാദികളുടെയും വർഗീയവാദികളുടെയും കൈയടി ഒരേയവസരത്തിൽ ലഭിക്കുമെന്നത് ശരിയാണ്. പക്ഷേ, അത് നൽകുന്ന സന്ദേശം തങ്ങൾ തീവ്രവാദ മുദ്രകുത്തി ഒറ്റപ്പെടുത്താൻ ശ്രമിക്കുന്നവരെ മാത്രമല്ല, സമുദായത്തെ ഒന്നടങ്കം ഹിന്ദു ഭൂരിപക്ഷത്തിന്റെ കണ്ണിൽ സംശയിക്കപ്പെടുന്നവരാക്കി മാറ്റുന്നുണ്ട് എന്ന് അവർ തിരിച്ചറിയാതെ പോവുന്നു. വാക്കിലും പ്രവൃത്തിയിലും തീവ്രവാദപരമെന്ന് പറയാവുന്ന സമീപനമുള്ള ഒരു ന്യൂനാൽ ന്യൂനപക്ഷം കേരളത്തിലെ മുസ്‌ലിംകളിലുണ്ടെന്നത് ശരിയാണ്. അവരെ പക്ഷേ മുസ്‌ലിം സംഘടനകൾ തള്ളിപ്പറഞ്ഞിട്ടുണ്ട്. ആദ്യത്തിൽ അത്തരമൊരു സമീപനം വെച്ചുപുലർത്തിയവർ പിന്നീട് അതെല്ലാം തള്ളിപ്പറഞ്ഞ് തികച്ചും സമാധാന പരമായി പ്രവർത്തിക്കുന്നവരുമുണ്ട്. അതും അനുവദിക്കുകയില്ല, അവരെ ശാശ്വത ഭീകര മുദ്രകുത്തി കഴിയുമെങ്കിൽ തൂക്കിക്കൊല്ലണം എന്നാണ് വാശി.

പ്ലാച്ചിമടയും മുത്തങ്ങയും ചെങ്ങറയുമെല്ലാം ആർക്കും പോയി ഇടപെടാവുന്ന അധഃസ്ഥിതരുടെ ജനകീയ സമരമായിരുന്നു. അധിനിവേശത്തിന്റെ പിണയാളുകൾക്ക്

അതിന് നേരമോ മനസ്സോ ഇല്ല. ധാർമിക മനസ്സാക്ഷിയും മാനവിക മൂല്യങ്ങളിലുള്ള വിശ്വാസവും മൂലം ഇസ്‌ലാമിക യുവജനപ്രസ്ഥാനം അവയിൽ ഇടപെടുകയും ജന ശ്രദ്ധ അതിലേക്ക് ക്ഷണിക്കുകയും ചെയ്തപ്പോഴാണ് ചിലർ ഹാലിളകുന്നത്. ബുദ്ധി ജീവികളും സാമൂഹിക പ്രവർത്തകരുമായ ചിലർ മാനവികതയുടെ പേരിൽ അവരെ പിന്തുണക്കുമ്പോഴാണ് 'മതേതരത്വം അപകടത്തിൽ' എന്ന മുറവിളി ഉയരുന്നത്. എന്നാൽ പിന്നെ, ആദിവാസികളുടെ ഭൂസമരത്തിനും കീടനാശിനികൾക്കെതിരായ ചെറുത്തുനിൽപുമൊക്കെ ഇവർക്ക് ശുദ്ധ മതേതര വിശ്വാസികളെ മാത്രം കൂട്ടി ഇട പെട്ടുകൂടായിരുന്നോ? ആരാണവർക്ക് തടസ്സം? അവിടെയാണ് കള്ളി പൊളിയുക. സാമ്രാജ്യത്വത്തിന്റെ അടുത്തൂൺ പറ്റി മതേതരത്വത്തിന് അധര സേവന ചെയ്യാനുള്ള സൗകര്യം പോരാട്ടങ്ങൾക്കില്ലല്ലോ.

## കേരളത്തിൽ മുത്അ വിവാഹം?

■ *വിവാഹത്തിന് സ്ത്രീപുരുഷന്മാർക്ക് മാന്യമായ അവസരവും പങ്കാളിത്തവും ഉണ്ടെന്നും ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കാനുള്ള അനുവാദത്തിന്റെ മറവിൽ പാവപ്പെട്ട മുസ്‌ലിം പെൺകുട്ടികളെ നിബന്ധനകൾക്ക് വിധേയമായോ അല്ലാതെയോ താൽക്കാലികമായി വിവാഹം ചെയ്തുകൊടുക്കുന്ന സമ്പ്രദായം മുത്അ വിവാഹ ത്തിന്റെ പരിധിയിൽ പെട്ടതാണെന്നും കെ.എൻ.എം സംസ്ഥാന സെക്രട്ടറിയേറ്റ് പ്രസ്താവനയിൽ വ്യക്തമാക്കി............ഇത്തരം വിവാഹങ്ങൾക്ക് പ്രേരണ നൽകുന്ന മതസ്ഥാപനവുമായോ അതിന് നേതൃത്വം നൽകുന്ന പണ്ഡിതനുമായോ മുജാഹിദ് പ്രസ്ഥാനത്തിന് യാതൊരു ബന്ധവുമില്ല. പ്രസ്ഥാനത്തെ തെറ്റിദ്ധരിപ്പിക്കുംവിധം ചില നവയാഥാസ്ഥിതികർ തെറ്റായ സമ്പ്രദായങ്ങൾ നടപ്പാക്കാൻ ശ്രമിക്കുന്നത് ആപ ത്കരമാണ്. സ്ത്രീധനം നൽകാൻ പ്രയാസപ്പെടുന്ന കുടുംബനാഥന്മാരെ തെറ്റി ദ്ധരിപ്പിച്ച് ഇത്തരം വിവാഹങ്ങൾക്ക് കളമൊരുക്കുന്നതിനെ സമുദായം തിരിച്ചറിയ ണമെന്നും പ്രമേയം ആവശ്യപ്പെട്ടു (ശബാബ് 2009 ഡിസംബർ 18). മുജാഹിദ് ഔദ്യോ ഗിക വിഭാഗം നേതാവും മതവിദ്യാഭ്യാസസ്ഥാപന മേധാവിയുമായ ഒരു പണ്ഡിതൻ തീർത്തും നിഷിദ്ധമായ മുത്അ വിവാഹത്തിന് കളമൊരുക്കി കൊടുത്തുവെന്ന എതിർഗ്രൂപ്പുകാരുടെ ഈ ആരോപണം സത്യമാണോ? അതോ ഗ്രൂപ്പ് വടംവലിയുടെ ഭാഗമായുള്ള വ്യാജ പ്രചാരണമാണോ? രണ്ടായാലും സംഗതി ഗുരുതരമാണെന്നി രിക്കെ മുജീബിന്റെ പ്രതികരണമെന്താണ്?*

***ടി.പി ശഫീഖ് മാഹി***

**അ**നാവശ്യവും അപ്രസക്തവുമായ വിവാദങ്ങൾ കുത്തിപ്പൊക്കുന്നതിൽ ഏറെ മുമ്പിലാണ് മുജാഹിദ് സംഘടനകൾ എന്ന് അവർ എത്രതന്നെ നിഷേധിച്ചാലും ചൂണ്ടിക്കാണിച്ചേ പറ്റൂ. മുക്കാൽ നൂറ്റാണ്ട് കഴിഞ്ഞിട്ടും കേരള മുസ്‌ലിംകളിൽ മഹാ ഭൂരിപക്ഷത്തിന്റെ തെറ്റായ വിശ്വാസങ്ങളെയും അനാചാരങ്ങളെയും വരെ തിരുത്താൻ അവർക്ക് കഴിയാതെ പോയതിൽ ഈ അനാവശ്യമായ വിവാദങ്ങളും ചെറുതല്ലാത്ത പങ്ക് വഹിച്ചിട്ടുണ്ട്. വിവാഹത്തിൽ സ്ത്രീ പുരുഷന്മാരുടെ മാന്യമായ പങ്കാളിത്തവും അവസര പങ്കാളിത്തവും ഉറപ്പാക്കിയ മതം തന്നെയാണ് ഇസ്‌ലാം. താൽക്കാലിക വിവാഹം ഈയിനത്തിൽ വരുന്നതല്ല. അതിനാൽ ഇസ്‌ലാമിക ശരീഅത്ത് അത് അന്തിമമായി നിരോധിച്ചിട്ടുണ്ട്. ശീഈകളിൽ ഒരു വിഭാഗം അത് അനുവദിക്കുന്നു ണ്ടെങ്കിലും സുന്നികളിൽ ഒരു വിഭാഗവും അത് അനുവദിക്കുന്നില്ല. താൻ മുത്അ വിവാഹം നടത്തിക്കൊടുക്കുന്നുവെന്ന പരാതി ബന്ധപ്പെട്ട മുജാഹിദ് പണ്ഡിതൻ നിഷേധിക്കുന്നു. ഈ നിഷേധം മുഖവിലക്കെടുക്കുന്നതാണ് ശരി. എന്നാലും ബഹു

ഭാര്യാത്വത്തിന് അദ്ദേഹം നൽകുന്ന പ്രോത്സാഹനവും അക്കാര്യത്തിലെ അത്യുദാര മായ നിലപാടും സ്വന്തം പാളയത്തിൽതന്നെ വിവാദപരമാണ്. വിവാദങ്ങൾ ഒഴിവാക്കുകയല്ല കഴിവതും വർധിപ്പിക്കുന്നതാണ് താനും അദ്ദേഹത്തിന്റെ ശൈലി. മതപരമെന്ന് വിശേഷിപ്പിക്കപ്പെടുന്ന കാര്യങ്ങളിലായാലും തീവ്രവാദം ഉപേക്ഷിക്കുന്നതാണ് ശരി.

## ജമാഅത്തെ ഇസ്‌ലാമിയുടെ 'തെറ്റ് തിരുത്തൽ'

■ *"ഇന്ത്യയിലെ നിലവിലുള്ള രാഷ്ട്രീയ വ്യവസ്ഥിതിയും ഭരണസംവിധാനവും ഇസ്‌ലാമികമല്ല. ദൈവിക ശാസനകൾക്ക് വിധേയമായി മാത്രം ജീവിക്കേണ്ട മുസ്‌ലിംകൾക്ക് ദൈവേതര ശക്തികളുടെ നിയമങ്ങൾക്ക് വഴങ്ങി ജീവിക്കാനാവില്ല. 'ഹുകൂമത്തെ ഇലാഹി' (ദൈവിക ഭരണം) ആണ് മുസ്‌ലിംകളുടെ പ്രഥമ ലക്ഷ്യം. അതുകൊണ്ട് നിലവിലുള്ള രാഷ്ട്രീയമോ ഭരണപരമോ ആയ വ്യവഹാരങ്ങളിൽനിന്ന് മാറി മതപരവും പ്രബോധനപരവുമായ തങ്ങളുടെ ബാധ്യതകൾ നിറവേറ്റി ജീവിക്കുക. ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയാണ് ഇത്തരമൊരു കാഴ്ചപ്പാട് മുന്നോട്ടുവെച്ചത്. ഇന്ത്യൻ മുസ്‌ലിംകളെ നിലവിലെ ഭരണ-രാഷ്ട്രീയ വ്യവസ്ഥകളോട് പുറം തിരിഞ്ഞു നിൽക്കാൻ പ്രേരിപ്പിക്കുന്ന ഈ നിലപാട് അവരെ പുരോഗതിക്ക് പകരം പിറകോട്ട് വലിക്കാൻ മാത്രമേ സഹായിക്കൂ എന്ന സത്യം പിന്നീടാണ് ബന്ധപ്പെട്ടവർ തിരിച്ചറിഞ്ഞത്" (ഹരിത രാഷ്ട്രീയം ശരിയായ ദിശ- സിദ്ധീഖ് നദ്‌വി ചേരൂർ. ചന്ദ്രിക ദിനപത്രം, 2009 ഡിസംബർ 15). പ്രതികരണം?*

***എ.പി മുഹമ്മദ് കോയ ശാന്തപുരം***

**ഇ**ന്ത്യയിലെന്നല്ല ലോകത്ത് ഏതാണ്ടൊരിടത്തും നിലവിലുള്ള ഭരണവ്യവസ്ഥകൾ കുറ്റമറ്റതല്ല. ഏകാധിപത്യവും സമഗ്രാധിപത്യവും ഫാഷിസവും മൗലികമായിത്തന്നെ നിരാകരിക്കപ്പെടേണ്ടതാണ്. ജനാധിപത്യം നിലവിലുള്ള രാജ്യങ്ങളിൽ തന്നെ പണാധിപത്യവും കുടുംബവാഴ്ചയും വംശാധിപത്യവുമാണ് ഫലത്തിൽ പുലരുന്നത്. ഇസ്‌ലാമിന്റെ രാഷ്ട്രീയ തത്ത്വങ്ങളിൽ വിശ്വസിക്കുന്നവർക്ക് ഇതോട് താത്ത്വികമായി പൊരുത്തപ്പെടാൻ സാധ്യമല്ല. അതാണ് ജമാഅത്ത് തുടക്കം മുതൽ പറഞ്ഞുവന്നത്. പ്രയോഗത്തിൽ ഓരോ രാജ്യത്തും ഭരണഘടനക്ക് വിധേയമായി നിയമവാഴ്ച മാനിച്ചുകൊണ്ട് ജീവിക്കുന്നതോടൊപ്പം നിലവിലുള്ള വ്യവസ്ഥ പൂർണമായോ ഭാഗികമായോ മാറ്റാൻ നിയമാനുസൃതമായി പണിയെടുക്കണം. അതിന്റെ പ്രായോഗികമായ രീതിയാണ് ഇസ്‌ലാമിക ഭരണവ്യവസ്ഥയിലേക്കുള്ള ക്ഷണം. ഒപ്പം, അതത് കാലഘട്ടത്തിലെ വിദ്യാഭ്യാസ പുരോഗതിയും ശാസ്ത്ര-സാങ്കേതികവിദ്യയും സ്വാംശീകരിക്കണം. ഈ പരിമിതികളിൽനിന്നുകൊണ്ട് അതാണ് ജമാഅത്ത് ചെയ്തുകൊണ്ടിരിക്കുന്നതും. ആര് ഭരിച്ചാലും എങ്ങനെ ഭരിച്ചാലും തങ്ങൾക്ക് വിഹിതം കിട്ടിയാൽ മതി എന്ന സമീപനം സ്വീകരിച്ചവർക്ക് ആ വഴിയെ പോകാം. ഇസ്‌ലാമിന്റെ കാഴ്ചപ്പാടും അതാണ് എന്ന് വാദിച്ചാൽ അത് അംഗീകരിക്കാൻ പ്രയാസമുണ്ട് എന്നു മാത്രം. ■